**"ഭരണഭാഷ- മാതൃഭാഷ"**

**കേരളസർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതിവകുപ്പ് - ജീവനക്കാര്യം - സാമൂഹ്യനീതിവകുപ്പിൽ ഇൻസ്ട്രക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരായ ശ്രീമതി. പി. ആർ. രാധിക ശ്രീമതി. ദീപാലക്ഷ്മി, ശ്രീമതി. അൽ അസിഖ എന്നിവർക്ക് അർഹമായ സീനിയോറിറ്റി, ഉദ്യോഗക്കയറ്റം, പ്രൊബേഷൻ എന്നീ വിഷയങ്ങളിൽ സ്പഷ്ടീകരണംനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.204/2024/SJD തീയതി,തിരുവനന്തപുരം, 22-08-2024

---

പരാമർശം:-

1. സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ 10.06.2021-ലെ ഇ.8/39687/12/എസി.ജെ.ഡി നമ്പർ നടപടിക്രമം.
2. ശ്രീമതി. രാധിക പി ആർ, ശ്രീമതി ദീപലക്ഷ്മി, ശ്രീമതി അൽ അസീഖ എന്നിവർ സംയുക്തമായി ഫയൽചെയ്ത ഒറിജിനൽ അപ്ലിക്കേഷൻ 1503/2023, 1509/2023 എന്നീ നമ്പർ കേസുകളിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19.09.2023-ലെ അന്തിമ ഉത്തരവ്.
3. 13.02.2024-ലെ സ. ഉ. (സാധാ) നമ്പർ. 38/2024/സാ.നീ.വ സർക്കാർ ഉത്തരവ്.
4. സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ 10.07.2024-ലെ എസ്.ജെ.ഡി./3263/2022-ഇ.1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സാമൂഹ്യനീതിവകുപ്പിൽ സീനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി കെ. എസ്. മായയ്ക്ക് പരാമർശം 1-പ്രകാരം സൂപ്രണ്ട് ഗ്രേഡ്-3 ആയി സ്ഥാനക്കയറ്റം നൽകിയപ്പോൾ സാമൂഹ്യനീതിവകുപ്പിൽ ഒഴിവുവന്ന നിലവിലുള്ള ഏക സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് ശ്രീമതി രാധിക പി.ആർ. ന് മേൽപ്പറഞ്ഞ ഒഴിവുവന്ന തീയതി പ്രാബല്യത്തിൽ നോഷണലായി സ്ഥാനക്കയറ്റം നൽകിക്കൊണ്ട് OA No. 1503/2023, 1509/2023 എന്നീ നമ്പർ കേസുകളിലെ പരാമർശം 1 പ്രകാരമുള്ള ബഹു. ട്രൈബ്യൂണലിന്റെ അന്തിമ ഉത്തരവ് നടപ്പിലാക്കി പരാമർശം 3-പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ, ഇത്തരത്തിൽ സ്ഥാനകയറ്റം അനുവദിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ട്രൈബ്യൂണൽ കേസ്സിലെ മറ്റ് പരാതിക്കാരുടെ തുടർന്നുള്ള സ്ഥാനകയറ്റങ്ങൾ സംബന്ധിച്ച വിഷയം പരിശോധിച്ച് വിശദമായ പ്രപ്പോസൽ സർക്കാരിൽ ലഭ്യമാക്കുവാൻ പരാമർശം 3-ലെ

സർക്കാർ ഉത്തരവിൽ സാമൂഹ്യനീതിവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശവും നൽകിയിരുന്നു. അതിൻപ്രകാരം പരാമർശം 4-പ്രകാരം വിശദമായ പ്രപ്പോസൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സമർപ്പിച്ചു.

2. സാമൂഹ്യനീതിവകുപ്പിൽ സീനിയർ ഇൻസ്ട്രക്ടർ ആയിരുന്ന ശ്രീമതി കെ. എസ്. മായയ്ക്ക് ഇ.ബി-39687/12/ഡി.എസ്.ജെ തീയതി 10.6.2014 പ്രകാരം സൂപ്രണ്ട് ഗ്രേഡ്-III ആയി സ്ഥാനക്കയറ്റം നൽകിയപ്പോൾ ഒഴിവുവന്ന സാമൂഹ്യനീതിവകുപ്പിലെ ഏക സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് മേൽപ്പറഞ്ഞ ട്രൈബ്യൂണൽ കേസ്സിലെ പരാതിക്കാരിൽ സീനിയറായ ശ്രീമതി പി. ആർ. രാധികയ്ക്ക് മേൽപ്പറഞ്ഞ ഒഴിവുവന്ന തീയതി പ്രാബല്യത്തിൽ നോഷണലായി സ്ഥാനക്കയറ്റം നൽകുന്നതിനാണ് ഉത്തരവായത്. ശ്രീമതി പി. ആർ. രാധികയുടെ സീനിയറായ ശ്രീമതി മായയ്ക്കും, ശ്രീമതി സജിത എസ്, നും 10.6.2014-ൽ സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് III തസ്തികയിൽ പ്രൊമോഷൻ നൽകിയെങ്കിലും ശ്രീമതി. സജിത എസ്. നെ സീനിയോരിറ്റി വിഷയത്തിൽ റിവേർട്ട് ചെയ്യുകയും പിന്നീട് 06.11.2015-ൽ ആണ് ടിയാളെ പ്രൊമോട്ടുചെയ്തതെന്നതിനാൽ ടിയാളെ മറികടന്ന് ശ്രീമതി രാധികയ്ക്ക് പ്രൊമോഷൻ നൽകാൻകഴിയില്ലെന്നും അതിനാൽ ശ്രീമതി. സജിതയ്ക്ക് പ്രൊമോഷൻ നൽകിയതുമൂലമുണ്ടായ ഒഴിവിലാണ് രാധികയ്ക്ക് പ്രൊമോഷൻ നൽകേണ്ടതെന്ന് ഡയറക്ടർ അറിയിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻറെയടിസ്ഥാനത്തിൽ ശ്രീമതി രാധിക പി.ആർ. , ശ്രീമതി ദീപാലക്ഷ്മി എം., ശ്രീമതി അൽ അസീഖ എസ്. എന്നിവർക്ക് ചുവടെപ്പറയുന്നപ്രകാരം നോഷണൽ പ്രമോഷൻ/സ്ഥാനകയറ്റം അനുവദിക്കുന്നതിന് സാമൂഹ്യനീതിവകുപ്പ് ഡയറക്ടർക്ക് അനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>ശ്രീമതി. പി. ആർ. രാധിക</u>

i ശ്രീമതി പി. ആർ. രാധികയ്ക്ക് 06.11.2015-ന് സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് നോഷണൽ പ്രൊമോഷൻ നല്കാവുന്നതും 06.11.2016-ന് പ്രൊബേഷൻ ഡിക്ലയർ ചെയ്യാവുന്നതുമാണ്.

ii. ശ്രീമതി രാധിക. പി. ആർ.-ന്റെ തൊട്ട് സീനിയറായ ശ്രീമതി ബിന്ദു ആർ.-ന് 25.11.2016 ന് സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് III തസ്തികയിൽ പ്രൊമോഷൻ നല്കിയ ഒഴിവിൽ 25.11.2016-ന് ശ്രീമതി രാധിക പി ആർ ന് സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് III തസ്തികയിൽ നോഷണൽ പ്രൊമോഷൻ അനുവദിക്കാവുന്നതും 25.11.2017-ന് ടി തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യാവുന്നതുമാണ്.

iii. ശ്രീമതി പി. ആർ. രാധികയുടെ ജൂനിയർ ആയിരുന്ന ശ്രീമതി സിന്ധു. എസ്.,-ന് സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് III തസ്തികയിൽ നിന്നും സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് II ആയി 19.05.2022-ന് സ്ഥാനകയറ്റം നല്കിയ തീയതിയിൽ ശ്രീമതി രാധിക പി ആർ-ന് സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് II ആയി സ്ഥാനക്കയറ്റം നോഷണലായി നൽകാവുന്നതാണ്.

iv. മേൽ സ്ഥാനക്കയറ്റങ്ങൾ നൽകുമ്പോൾ സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് II-

വിൽ സീനിയർ മോസ്റ്റ് ആകുന്ന ശ്രീ പി ആർ. രാധികയ്ക്ക് നിലവിൽ ഒഴിവുള്ള സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് I തസ്തികയിൽ, കെ.എസ്.&എസ്.എസ്.ആർ. ചട്ടം 31എ(1) ലെ വ്യവസ്ഥകൾക്കുവിധേയമായി ഭാവിയിൽ ഡി.പി.സി. കൂടി നിലവിലെ സ്പെഷ്യൽ റൂളിലെ റേഷ്യോ പാലിച്ച് റഗലറൈസ് ചെയ്യേണ്ടതാണെന്ന വ്യവസ്ഥയിൽ, താൽകാലികസ്ഥാനക്കയറ്റം ഉത്തരവ് തീയതി പ്രാബല്യത്തിൽ നൽകാവുന്നതാണ്

ശ്രീമതി ദീപലക്ഷ്മി എം.

i. ശ്രീമതി രാധിക പി ആർ.-ന് 25.11.2016-ൽ സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് III തസ്തികയിൽ പ്രൊമോഷൻ നൽകുന്നതുമൂലം ഒഴിവുവരുന്ന സീനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ 25.11.2016 പ്രാബല്യത്തിൽ ശ്രീമതി ദീപലക്ഷ്മി എം.-ന് സീനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ നോഷണൽ പ്രൊമോഷൻ നല്കാവുന്നതാണ്. ദീപലക്ഷ്മിയുടെ പ്രൊബേഷൻ 25.11.2017-ൽ ഡിക്ലയർ ചെയ്യാവുന്നതാണ്

ii. ദീപലക്ഷ്മിയുടെ പ്രൊബേഷൻ ഡിക്ലയർചെയ്യുന്ന തീയതിയിൽ സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് III തസ്തികയിൽ ഒഴിവ് നിലനിന്നിരുന്നതിനാൽ ശ്രീമതി ദീപലക്ഷ്മിയ്ക്ക് 25.11.2017-ൽ സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് III തസ്തികയിൽ നോഷണൽ പ്രൊമോഷൻ അനുവദിക്കാവുന്നതാണ്

iii ശ്രീമതി പി ആർ. രാധികയുടെയും ശ്രീമതി ദീപലക്ഷ്മിയുടെയും ജൂനിയർ ആയിരുന്ന ശ്രീമതി സിന്ധു എസ്.,-ന് സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് III തസ്തികയിൽ നിന്നും സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് II ആയി 19.05.2022-ന് സ്ഥാനകയറ്റം നല്കിയ തീയതിയിൽ ശ്രീമതി ദീപലക്ഷ്മിക്കും സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് II ആയി സ്ഥാനക്കയറ്റം നോഷണലായി നൽകാവുന്നതാണ്.

iv. മേൽസ്ഥാനകയറ്റങ്ങൾ നൽകുമ്പോൾ സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് II-വിൽ സീനിയോരിറ്റിയിൽ രണ്ടാമതായ ശ്രീമതി ദീപാലക്ഷ്മിക്ക് നിലവിൽ ഒഴിവുള്ള സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് I തസ്തികയിൽ, കെ.എസ്.&എസ്.എസ്.ആർ. ചട്ടം 31 എ(1) ലെ വ്യവസ്ഥകൾക്ക് വിധേയമായി ഭാവിയിൽ ഡി.പി.സി. കൂടി നിലവിലെ സ്പെഷ്യൽറൂളിലെ റേഷ്യോ പാലിച്ച് റഗലറൈസ് ചെയ്യേണ്ടതാണെന്ന വ്യവസ്ഥയിൽ, താൽകാലിക സ്ഥാനക്കയറ്റം ഉത്തരവുതീയതി പ്രാബല്യത്തിൽ നൽകാവുന്നതാണ്

ശ്രീമതി. അൽ അസീഖ

i. ശ്രീമതി ദീപലക്ഷ്മിയ്ക്ക് സീനിയർ ഇൻസ്ട്രക്ടർ തസ്തികയിൽനിന്ന് സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് III തസ്തികയിൽ നോഷണൽ പ്രൊമോഷൻ അനുവദിക്കുന്ന 25.11.2017 തിയതി പ്രാബല്യത്തിൽ ശ്രീമതി അൽ അസീഖയ്ക്ക് സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്ക് നോഷണൽ പ്രൊമോഷൻ നല്കാവുന്നതും 25.11.2018-ന് പ്രൊബേഷൻ ഡിക്ലയർ ചെയ്യാവുന്നതുമാണ്. 15.2.2021-ലെ സ. ഉ. (എംഎസ്) നമ്പർ. 6/2021/സാ.നീ.വ ഉത്തരവുപ്രകാരം ടിയാളെക്കാൾ സീനിയർ ആയ ആളുകൾ സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് III തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കാൻ ഉള്ളതിനാൽ തുടർന്നുള്ള

പ്രൊമോഷന് ഇപ്പോൾ അർഹതയില്ല.

4. കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1 ചട്ടം 23 (സി) പ്രകാരം നോഷണൽ പ്രൊമോഷന് ശമ്പളത്തിന്റെയും അലവൻസുകളുടെയും കുടിശ്ശികക്ക് അർഹതയുണ്ടായിരിക്കുന്നതല്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ നോഷണൽ പ്രൊമോഷന്റെ അടിസ്ഥാനത്തിൽ ശമ്പളത്തിന്റെയും അലവൻസുകളുടെയും കുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ, നോഷണൽ പ്രൊമോഷന്റെ അടിസ്ഥാനത്തിൽ ടിയാളുകളുടെ ശമ്പളം പുനർനിർണയിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ ആന്റ് ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം/തൃശ്ശൂർ
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മിഡിയ ഡിവിഷൻ,
വിവര പൊതുജന സമ്പർക്ക വകുപ്പ, ഗവൺമെന്റ് സെക്രട്ടറിയേറ്റ്
(സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Vipin S D
Date: 23-08-2024 10:53:47
സെക്ഷൻ ഓഫീസർ